# Mathrubhumi

## 23 August 2018

## Kochi, Flood Relief, Special Fund

# പ്രളയ ദുരിതാശ്വാസം: പ്രത്യേക ഫണ്ട് ആവശ്യം

പ്രത്യേക ലേഖിക
കൊച്ചി

► സുനാമി ദുരിതാശ്വാസത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 2004-ൽ ലഭിച്ച ഫണ്ടിന്റെ വിനിയോഗം കടൽത്തീരമില്ലാത്ത ജില്ലകളിലേക്കുപോലും അന്ന് എത്തി. അങ്ങനെയൊരു അനുഭവം മുന്നിൽ നിൽക്കേ സുതാര്യത ഉറപ്പാക്കാൻ ഇപ്പോഴത്തെ പ്രളയ ദുരിതാശ്വാസത്തിനു കിട്ടുന്ന തുക ആ പേരിൽ പ്രത്യേകം ഫണ്ടായി വയ്ക്കണമെന്ന് ആവശ്യമുയരുന്നു.

കേരളത്തെയാകെ മുക്കിയ പ്രളയത്തിൽ ദുരിതാശ്വാസത്തിന് ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നുപോലും തുകയെത്തുന്നുണ്ട്. അതെല്ലാം എത്തുന്നത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്കാണ്. അതിനാൽ തുക മറ്റാവശ്യങ്ങൾക്കും വിനിയോഗിക്കപ്പെട്ടേക്കാമെന്ന് ആർ.ടി.ഐ. ഫെഡറേഷൻ കേരള പ്രസിഡന്റ് ഡി.ബി. ബിനു ചൂണ്ടിക്കാട്ടുന്നു. പ്രളയ ദുരിതത്തിനായി കിട്ടുന്ന തുക പ്രത്യേക അക്കൗണ്ടിൽ കണക്കുവയ്ക്കണം. അത് പുനരധിവാസം, നഷ്ടപരിഹാരം തുടങ്ങി പ്രളയ ദുരിതാശ്വാസത്തിനായിത്തന്നെ വിനിയോഗിക്കണമെന്നാണ് ആവശ്യം.

സുനാമി ദുരിതാശ്വാസ ഫണ്ടിന്റെ വിനിയോഗത്തെക്കുറിച്ച് ആക്ഷേപമുയർന്നു. തുടർന്ന് ദുരുപയോഗമുണ്ടായോ എന്ന് അന്വേഷിക്കാൻ മുൻ ചീഫ് സെക്രട്ടറി ഡോ. എം. കൃഷ്ണനുണ്ണിയെ കമ്മിഷനായി നിയോഗിച്ചു.

2014 നവംബർ 27-നും 2006 നവംബർ 29-നുമിടയ്ക്ക് ചെലവഴിച്ച 62.14 കോടി രൂപയിൽ 9.23 കോടി രൂപയുടെ വിനിയോഗത്തെക്കുറിച്ച് കമ്മിഷൻ സംശയം പ്രകടിപ്പിച്ചു. അത്രയും തുക കടൽത്തീരമേയില്ലാത്ത കോട്ടയം (2.75 കോടി രൂപ), ഇടുക്കി (2.41 കോടി), വയനാട് (2.94 കോടി), പത്തനംതിട്ട (1.13 കോടി) എന്നീ ജില്ലകളിലാണ് ചെലവിട്ടതെന്ന് റിപ്പോർട്ടിലുണ്ട്.

65.04 കോടി രൂപ ചെലവിട്ടതിന്റെ വേറൊരു കണക്കിൽ 17.16 കോടി രൂപ ഉപയോഗിച്ചത് 'മറ്റാവശ്യങ്ങൾക്ക്' എന്നു മാത്രമാണ് പറയുന്നത്. അതേക്കുറിച്ചും അന്വേഷണം വേണമെന്ന് റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നു. വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനു കിട്ടുന്ന തുകയുടെ വിനിയോഗത്തിൽ സുതാര്യത വേണമെന്ന് ഓർമിപ്പിക്കുന്നതാണിത്.